
# ദൈവപരിപാലനയുടെ 20 അനുഗ്രഹീതവർഷങ്ങൾ
(1992 - 2012)

നമ്മുടെ പ്രിയപ്പെട്ട ബെന്നി അച്ചൻ പൗരോഹിത്യവേലയിൽ ഇരുപതു വർഷം പൂർത്തിയാക്കിയിരിക്കുന്ന (August, 1) അവസരത്തിൽ ബഹുമാനപ്പെട്ട അച്ചനെ അനുമോദിക്കുന്നു, ആശംസകൾ നേരുന്നു. ഇനിയും ഇനിയും കൂടുതൽ ആരോഗ്യത്തോടെ, ഉത്സാഹത്തോടെ, സ്നേഹത്തോടെ ദൈവജനത്തെ പാലിക്കുവാൻ സർവ്വേശ്വരൻ കൃപ നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.





**WELCOME**

**REV. FR. SHIBU CHERIAN KOOLIYATT**

Visiting Achen for Ettu Nombu & Convention. He will be arriving on 30th August morning

**St. Peter Our Patron Saint**





**Our Patriarch**

**H.H. Moran Mor Ignatios Zakha I, of Antioch and All the East**

**Our Catholicos**

**H.B. Baselios Thomas I**





**Our Patriarchal Vicar H.G. Pathros Mor Osthatheos**



# Editorial

## കർത്താവിന്റെ ആത്മാവുള്ളേടത്ത് സ്വാതന്ത്ര്യം ഉണ്ട് (2 കൊരി. 3: 17)



ഭാരതാംബികയുടെ സ്വാതന്ത്ര്യ വാർഷികവും പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണവും സംയുക്തമായി ഈ മാസം ആഘോഷിക്കുകയാണ്. ഭാരത ചരിത്രത്തിൽ അതിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും, പൗരസ്ത്യ പാരമ്പര്യത്തിൽ മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളിനും വളരെ പ്രസക്തിയുണ്ട്. രണ്ടും നിരന്തരവും, നിശബ്ദവുമായ സഹന സമരങ്ങളിലൂടെ നേടിയെടുത്തവയുമാണ്.

ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും (വി. ലൂക്കോസ് 1: 48) എന്ന പരിശുദ്ധ മാതാവിന്റെ വചനങ്ങളെ അന്വർത്ഥമാക്കിക്കൊണ്ട് പരിശുദ്ധ സഭ, പരി. മാതാവിനെ പ്രത്യേകമായി ബഹുമാനിച്ച് ആദരിച്ച് മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്ന മാസങ്ങളാണല്ലോ ഓഗസ്റ്റ് സെപ്തംബർ മാസങ്ങൾ. ഓഗസ്റ്റിൽ മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളും, സെപ്തംബറിൽ മാതാവിന്റെ ജനന തിരുനാളും കൊണ്ടാടുന്നതു കൂടാതെ മാർച്ച് 25, സഭാവർഷത്തിലെ നാലാം ഞായർ എന്നീ ദിനങ്ങളിൽ മാതാവിനോടുള്ള വചനിപ്പു തിരുനാളും അത്യാദരപൂർവ്വം സഭ ആഘോഷിക്കുന്നു. വിശുദ്ധ അപ്രേമിന്റെ അഭിപ്രായത്തിൽ യേശുവിനെപ്പോലെയും അവിടുത്തെ മാതാവായ വി. മറിയാമിനെപ്പോലെയും സുന്ദരമായ മറെറാന്നും ലോകത്തിൽ ഇല്ല. യേശുവിൽ ഒരു കറയുമില്ലാത്തതു പോലെ മാതാവിൽ യാതൊരു വൈരൂപ്യവുമില്ല.

മഹാനായ ഒരു ഹൈന്ദവ പണ്ഡിതൻ മാതാവിനെ പ്രകീർത്തിച്ച് എഴുതിയ ശ്ലോകം ശ്രദ്ധിക്കുക

ചേർക്കാമീശനു വേണമെങ്കിലധികം
സൗന്ദര്യമത്തിങ്കളിൽ
തീർക്കാം കോടിദിവാകര പ്രഭയാർന്ന
ബ്രഹ്മാണ്ഡഗോളങ്ങളെ
ഇക്കാണായ വിശാല വിശ്വമഖിലം
സ്വർല്ലോകമായി മാററീടാം
അക്കന്യാമണി തന്റെ മേന്മ അണുവും
കൂട്ടാവതല്ലീശനും

ഒരു മനുഷ്യ വ്യക്തിക്കു പ്രാപിക്കാവുന്ന പരിപൂർണ്ണതയുടെ പരമകാഷ്ഠ ദൈവകൃപയാൽ കന്യാംബിക പ്രാപിച്ചു. ആകയാൽ അവൾ ദൈവത്തിന്റെ പ്രീതിക്കു പാത്രമായി, ദൈവപുത്രനെ ഉദരത്തിൽ ഉൾക്കൊള്ളുവാനും ജന്മം കൊടുക്കുവാനും, മകനേ എന്നു വിളിക്കുവാനുമുള്ള മഹാഭാഗ്യത്തിൻ ഉടമയായി. ഉൽപ്പത്തി പുസ്തകം മുതൽ വെളിപാടു പുസ്തകം വരെ തിരുവചനത്തിലുടനീളം കർത്താവിനോടൊപ്പം ഈ മാതാവും നിറഞ്ഞു നിൽക്കുന്നു (ഉൽപ്പത്തി 3:15, യെശയ്യാവ് 7:14, മത്തായി 2:11, 13, 14, ലൂക്കോസ്1:31, 42, യോഹന്നാൻ 2: 1, 2, യോഹന്നാൻ 19: 25, വെളിപാട് 12:1). പരി. സഭ മാതാവിനെ പ്രകീർത്തിക്കുന്നത് 'ഭൂമിയിലെ സകല വംശങ്ങളിൽ നിന്നും ഭാഗ്യങ്ങൾക്ക് യോഗ്യതയുള്ളവളും, വിശുദ്ധിയുള്ളവളും, മഹത്വമുള്ളവളും, അനുഗ്രഹിക്കപ്പെട്ടവളും, നിത്യകന്യകയും,

ഭാഗ്യവതിയുമായ ദൈവമാതാവായ വി. മറിയ' എന്നാണ. വി. മറിയാമിന്റെ കന്യകാത്വം മഹത്വകരമായി ഉറപ്പിച്ചു പ്രഖ്യാപിക്കുന്ന പരിശുദ്ധ സഭയുടെ വിശ്വാസ പ്രഘോഷണമാണ് 'ദൈവ പ്രസവിത്രി' ദൈവമാതാവ് എന്ന വിശേഷണം.

ഒരേ സമയം മറിയം നിത്യകന്യകയും, ദൈവമാതാവുമാണ്. വി. മാതാവിന്റെ ജീവിതത്തിലുടനീളം വ്യക്തിത്വത്തിനു മഹത്വം കൂട്ടുന്ന ഇത്തരം വിശുദ്ധ വൈരുദ്ധ്യങ്ങൾ ദർശിക്കാനാകും. കന്യകമാരിൽ കന്യകയായിരിക്കെ വിസ്മയിക്കത്തക്ക മാതാവാണവൾ. മറിയം മനുഷ്യപുത്രിയാണ്, അതേ സമയം ദൈവത്തെ പ്രസവിച്ചവളും. ദൈവത്തിന്റെ സൃഷ്ടിയാണ് മറിയം, എന്നാൽ സ്രഷ്ടാവിന്റെ മാതാവാണവൾ, ദൈവകൃപയാൽ അമ്മേ എന്ന വിളി കേൾക്കാൻ ഭാഗ്യം സിദ്ധിച്ചവൾ. വി. മറിയം ദൈവപുത്രനെ ലോകത്തിനു നൽകി അവനാൽ രക്ഷിക്കപ്പെടുകയും ചെയ്തു. ക്രിസ്തുവിന്റെ മാതാവാണവൾ ആദ്ധ്യാത്മീക പാരമ്പര്യത്തിൽ ക്രിസ്തു-വിന്റെ ആത്മീയ പുത്രിയും.

യേശുവിനെ ചരിത്ര മദ്ധ്യത്തിൽ ഉയർത്തിക്കാട്ടുവാൻ മുഖാന്തിരമായവൾ; ഈ മറിയം മകനിലൂടെയാണ് ഉയർത്തപ്പെട്ടത്. മാതാവ് എന്ന നിലയിൽ യേശുവിന്റെ ആദ്യ ഗുരു; പിന്നീട് മകന്റെ ശിഷ്യയായി മാറി. വിശ്വസിച്ച് ശിഷ്യരായവരിൽ മാതാവ് മുന്നിലായിരുന്നു. വി. മറിയം വൈരുദ്ധ്യങ്ങളുടെ മാതാവാണ്. മാതാവിന്റെ മഹത്വത്തിനു കാരണം ഈ വൈരുദ്ധ്യങ്ങളാണു താനും.

പരി. മാതാവിന്റെ ഏററവും വലിയ മഹത്വം പരി. ത്രിത്വത്തിന്റെ സ്പർശനം ലഭിച്ചു എന്നതാണ്.

ആറാം മാസത്തിൽ ദൈവം ഗബ്രിയേൽ ദൂതനെ ഈ കന്യകയുടെ അടുക്കലെക്കയച്ചു. വചനിപ്പു ദിനം പരി. ത്രിത്വത്തിൽ ഒന്നാമനായ പിതാവാം ദൈവത്തിന്റെ വാക്കുകൾ സ്വർഗ്ഗത്തിലെ ദൂതൻ കന്യകയുടെ കാതിൽ മൊഴിഞ്ഞപ്പോൾ അവൾ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞു. ശരീരത്തിലും രക്തത്തിലും ദൈവപുത്രനെ ഗർഭം ധരിച്ചു, അതെ മറിയം വി. ത്രിത്വത്തിന്റെ സ്പർശനം ലഭിച്ചവളാണ്.

ദൈവത്തിന്റെ ദൂതൻ നിന്റെ അടുക്കൽ വരുവാൻ എന്തെങ്കിലും യോഗ്യത ഇതിനോടകം നീ നേടിയോ? ഇല്ലെങ്കിൽ വി. മാതാവിന്റെ തിരുനാളാഘോഷ വേളയിലെങ്കിലും അതിനായി ഒരുങ്ങുമൊ? ജീവിച്ചിരിക്കുമ്പോൾ തന്നെ നമ്മെ വഴി നടത്താനും നമുക്ക് ദൈവീക അരുളപ്പാടു നൽകാനും ദൂതൻ വരുവാനിടയാകണം. എങ്കിലെ മരണ സമയത്തും ദൈവസന്നിധിയിലേക്കാനയിക്കാനായി ദൂതൻ വരികയുള്ളു. നമ്മുടെ ജീവിതങ്ങളെ ഒരിക്കൽ കൂടി ക്രമീകരിക്കാൻ ഈ ചിന്ത ഉതകട്ടെ.

"ദൈവ കൃപ നിറഞ്ഞവളെ നിനക്ക് വന്ദനം. കർത്താവ് നിന്നോടു കൂടെ" (വി. ലൂക്കോസ് 1: 28). ഗബ്രിയേൽ ദൂതൻ മറിയാമിന്റെ കാതിലോതിയ ഈ വചനം പിതാവാം ദൈവത്തിന്റേതാണ്. പിതാവാം ദൈവം മറിയാമിനെ ദൈവകൃപ നിറഞ്ഞവളെന്ന് വിളിച്ചാദരിക്കുമ്പോഴാണ് നവീന സമൂഹങ്ങളെന്ന് അഹങ്കരിക്കുന്ന ചിലർ വി. മാതാവിനെ താഴ്ത്തിക്കെട്ടുവാൻ ശ്രമിക്കുന്നത്.

മാലാഖ തുടരുന്നു 'പരിശുദ്ധാത്മാവ് നിന്റെ മേൽ വരും അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും' ഇത് പെന്തിക്കോസ്തിക്കു മുമ്പുള്ള പെന്തിക്കൊസ്തി അനുഭവമാണ്. ഈ പരിശുദ്ധാത്മാവിന്റെ ആവാസം ലഭിച്ച മാതാവിനെയാണ് 'അഭിഷേകം ലഭിച്ചു' എന്നു പറഞ്ഞ് ചിലർ തള്ളിപ്പറയുന്നത്.

“ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കു പോലെ എനിക്കു ഭവിക്കട്ടെ” എന്ന് ദൈവത്തിനു വാക്കു കൊടുത്ത മാതാവിനേപ്പോലെ ദൈവേഷ്ടത്തിനു തന്നെ സമ്പൂർണ്ണമായി സമർപ്പിച്ച ആരുണ്ട്? സ്വർഗ്ഗം ചായിച്ച് ഭൂമിയിലേക്കെഴുന്നള്ളി വരാൻ ദൈവം ഉപയോഗിച്ച ഗോവണിയാണ് മറിയം. ദൈവപുത്രനെ ഉദരത്തിലും ഹൃദയത്തിലും വഹിച്ചവളാണ് മറിയം. പിതാവാം ദൈവത്താൽ കൃപ നിറഞ്ഞവളെന്നു വിളിക്കപ്പെട്ടവൾ, പരിശുദ്ധാത്മവാസത്താൽ നിറഞ്ഞവൾ.

വി. മറിയം കാലത്തിന്റെ മുൻപിൽ നമുക്ക് മുന്നേ നടന്നവളാണ്. പെന്തിക്കൊസ്തിക്കു മുമ്പേ പരിശുദ്ധാത്മാവു ലഭിച്ചവൾ. പെസഹായ്ക്കു മുമ്പേ വചനിപ്പിലൂടെ കർത്താവിന്റെ ശരീരവും രക്തവും തന്നിൽ തന്നെ സ്വീകരിച്ചവൾ. കർത്താവിന്റെ രണ്ടാം വരവിനു മുമ്പേ സ്വർഗ്ഗാരോഹണം ചെയ്യപ്പെട്ടവൾ. ഈ വൈരുദ്ധ്യങ്ങളും അത്ഭുതങ്ങളും നിറഞ്ഞ മാതാവിന്റെ ജീവിതവും സ്വർഗ്ഗാരോഹണവും നമ്മിൽ നിറക്കുന്നത് പ്രതീക്ഷയാണ്. കേവലം ഒരു യൂദ പെൺകുട്ടി ദൈവത്തിന്റെ ദാസിയായി, ദൈവപുത്രന്റെ മാതാവായി. ഒരുപാട് സഹനങ്ങൾ ഏററുവാങ്ങി ഒടുവിൽ സ്വർഗ്ഗത്തിലേയ്ക്ക് കരേററപ്പെട്ടു. മാതാവിന്റെ ജീവിതവും, സ്വർഗ്ഗാരോഹണവും ഒരു വിശ്വാസ സത്യത്തെക്കാൾ ഉപരിയായി ഒരു വിശ്വാസ വഴിയായി നമുക്ക് പരിണമിക്കാനിടയാകണം.

ഈ വേളയിൽ ഭാരതത്തിന്റെ വിമോചനത്തിനുവേണ്ടി പടവെട്ടിയവരെയും ജീവൻ ഹോമിച്ചവരെയും നമുക്ക് നന്ദിയോടെ അനുസ്മരിക്കാം, ആദരിക്കാം. സ്വാതന്ത്ര്യം എന്നത് മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽ ഒന്നാണ്. അതിനാലാണ് 'എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്കുവിൻ' എന്ന് യഹോവ ഫറവോനോട് കൽപ്പിച്ചത്. വിമോചനവും (സ്വാതന്ത്ര്യവും), രക്ഷയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്.

ഓർത്തഡോക്സ് ചിന്താഗതിയിൽ വിമോചനം പ്രാപിച്ച ദൈവജനം ആരാധനയിലൂടെ ദൈവീകരിക്കപ്പെടുന്ന അവസ്ഥയാണ് രക്ഷ. ദൈവീകരിക്കപ്പെടുക എന്നാൽ, പൂർണ്ണ ദൈവമനുഷ്യനായ യേശുവിനോട് പരിശുദ്ധാത്മാവിൽ ചേരുക എന്നതാണ്. അതിനാൽ രക്ഷ കാംക്ഷിക്കുന്ന ജനം, തങ്ങളുടെയും, സമൂഹത്തിന്റെയും വിമോചനത്തിനായി പ്രവർത്തിക്കുകയും ആരാധനയിൽ പങ്കുകാരാവുകയും വേണം. അത് ഓരോ ക്രൈസ്തവന്റെയും ഉത്തരവാദിത്വമാണ്. അതിനായിട്ടാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതും. നമ്മുടെ കർത്താവും ദൈവവുമായവൻ പ്രാധാന്യം കൊടുത്തത് ആദ്ധ്യാത്മീക സ്വാതന്ത്ര്യത്തിനാണ് എന്ന് തിരുവചനം സാക്ഷിക്കുന്നു. ഓരോ വ്യക്തിയേയും അന്ധകാരത്തിലാഴ്ത്തിയിരിക്കുന്ന സ്വാർത്ഥതയിൽ നിന്നുള്ള വിമോചനം. ഇതിലൂടെ രാഷ്ട്രീയവും, സമ്പത്തികവും, സാമുദായികവുമായ ഭൗതീക സ്വാതന്ത്ര്യം നേടണമെന്നാണ് കർത്താവ് ഉദ്ദേശിച്ചിരുന്നത്. ഈ സ്വാതന്ത്ര്യം നേടുന്നതിനായി 'നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വാതന്ത്രരാക്കുകയും ചെയ്യും' (യോഹ. 8: 32) എന്ന് യേശു പഠിപ്പിച്ചു. സത്യം ദൈവമാണ്, സ്നേഹം കൊണ്ടും സേവനം കൊണ്ടും മാത്രമേ ദൈവത്തെ അറിയാനാവുകയുള്ളൂ. ദൈവത്തെ പിതാവായും, മനുഷ്യരെ സഹോദരങ്ങളായും കണ്ട് സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നിടത്ത് ഏവർക്കും ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കാനാവും.

സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥസ്വഭാവം എന്താണെന്ന്, വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണം നമ്മെ ഓർമ്മിപ്പിക്കുന്നു.

പാപം, മരണം, രോഗം, ദാരിദ്ര്യം, കഷ്ടത എന്നിവയിൽ നിന്നെല്ലാമുള്ള സമ്പൂർണ്ണ വിമോചനമാണ് യഥാർത്ഥ സ്വാതന്ത്ര്യം. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന നാം ദൈവഹിതത്തിനനുസരിച്ച് ജീവിച്ച് ഈ സ്വാതന്ത്ര്യം, സ്വായത്തമാക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. അതിനായിട്ടാണവൻ നമുക്കായി കാൽവറിയിൽ യാഗമായി തീർന്നത്.

സ്വാതന്ത്ര്യദിനവും, സ്വർഗ്ഗാരോഹണവും ഒരുമിച്ചാഘോഷിക്കുന്ന വേളയിൽ സമൂഹത്തോട് നമുക്ക് ചില കടപ്പാടുകളുണ്ട്. നമ്മുടെ ഈ കൊച്ചു ജീവിതം സമൂഹത്തിനും ദൈവത്തിനും വേണ്ടി സമർപ്പിക്കുവാനുള്ളതാണ്, കെട്ടിക്കിടക്കുവാനുള്ളതല്ല, മറിച്ച് നീർച്ചാലു കണക്കെ മററുള്ളവരിലേക്ക് ഒഴുകിയെത്തുവാനുള്ളതാണ്. മററുള്ളവരിലേക്ക്, ആവശ്യമുള്ളവരിലേക്ക് ഒഴുകിയെത്തുന്ന ജീവിതങ്ങൾക്കാണർത്ഥമുണ്ടാവുക.

സ്വാതന്ത്ര്യത്തിന്റെ അർദ്ധരാത്രിയിൽ നെഹ്രു പറഞ്ഞു ''ലോകം ഉറങ്ങുമ്പോൾ ഇന്ത്യ ജീവനിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരുകയാണ്. സ്വാതന്ത്ര്യം നമുക്ക് അധികാരവും ഉത്തരവാദിത്വവും നൽകുന്നു. ദരിദ്രന്റേയും അജ്ഞന്റേയും, രോഗിയുടെയും, ചൂഷിത മർദ്ദിത അടിമകളുടെയും കണ്ണുനീർ ഒപ്പുകയാണ് ആ ഉത്തരവാദിത്വം. അവരുടെ കണ്ണുനീരും കഷ്ടപ്പാടും തീരുന്നതുവരെ സ്വതന്ത്ര ഭാരതത്തിന്റെ ഈ ഉത്തരവാദിത്വങ്ങൾ തുടരും''. കുതിക്കുന്ന ഇന്ത്യയിലെ കിതക്കുന്ന ഇന്ത്യക്കാരെ കണ്ടറിയുകയാണിന്നിന്റെ ആവശ്യം.

ഒപ്പം നന്മയ്ക്കെതിരെ തിന്മ ആധിപത്യം സ്ഥാപിക്കുന്നിടത്ത്, സത്യത്തിനെതിരെ അസത്യം തേർവാഴ്ച നടത്തുന്നിടത്ത്, അന്ധകാരശക്തികൾക്കെതിരെ സംഘാതമായി സ്നേഹസമരം ചെയ്യാൻ നാം കടപ്പെട്ടവരാണ്. സ്വാർത്ഥതയെ അതിജീവിച്ച് മററുള്ളവർക്കായി ജീവിക്കുന്നതിൽ നാം അഭിമാനം കൊള്ളേണ്ടവരാണ്. രാഷ്ട്രത്തിന്റെ പുരോഗതിക്കും സംരക്ഷണത്തിനുമായി യത്നിക്കുന്നവരെയും യത്നിച്ചിട്ടുള്ളവരെയും ഓർത്ത് ഈ അവസരത്തിൽ പ്രാർത്ഥിക്കാം. യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ ശാദ്വലഭൂമിയിലേക്ക് ദൈവാത്മാവ് നമ്മെ നയിക്കട്ടെ എന്ന പ്രാർത്ഥനയോടെ...

സ്നേഹത്തോടെ,

ക്രിസ്തുവിൽ നിങ്ങളുടെ

ബെന്നി അച്ചൻ

## IMPORTANT DAYS IN AUGUST

August 6 - കൂടാരപ്പെരുന്നാൾ, അഞ്ചാം തീയതി ഞായറാഴ്ച വൈകുന്നേരം വി. കുർബ്ബാന

August 13 - സമ്മർ ക്ലാസ്സ് സമാപനം

August 15 - വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ (ശൂനോയോ നോമ്പ് വീടൽ), പതിനാലാം തീയതി ചൊവ്വാഴ്ച വൈകിട്ട് വി. കുർബ്ബാന



# മലങ്കരയുടെ യാക്കോബ് ബുർദ്ദാന ശതാബ്ദിയാഘോഷനിറവിൽ



എ. ഡി. 52 ൽ പരി. തോമാശ്ലീഹായുടെ പാദസ്പർശനമേററ്, ക്രൈസ്തവമാർഗ്ഗം മലങ്കരയിൽ സ്ഥാപിതമായെങ്കിലും, സിറിയൻ കുടിയേററത്തിനു ശേഷമാണ് ക്രൈസ്തവദർശനം കേരളത്തിൽ കൂടുതൽ ശക്തമാകുന്നത്.

കാലാകാലങ്ങളിൽ അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും അയക്കപ്പെടുന്ന പരി. പിതാക്കന്മാരിൽ നിന്നും ലഭിച്ചിരുന്ന അപ്പോസ്തോലിക കൈവെപ്പ് പിന്തുടരുന്ന മലങ്കര സഭയിൽ, പത്തൊൻപതാം നൂററാണ്ടിന്റെ ആരംഭത്തിൽ ഭിന്നിപ്പുകൾ ഉടലെടുത്തതോടെ വളർച്ച മുരടിച്ച അവസ്ഥയിലായി.
മശിഹാ തമ്പുരാൻ, പരി. പത്രോസ് അപ്പോസ്തോലനു ഭരമേൽപ്പിച്ചു കൊടുത്തതും, മലങ്കര സഭ പിന്തുടർന്നു പോന്നതുമായ അന്ത്യോഖ്യാ സിംഹാസന മേൽക്കോയ്മ ഇക്കാലയളവിൽ മാർത്തോമ്മായുടെ സിംഹാസന വാദികളാൽ ചോദ്യം ചെയ്യപ്പെട്ടു.

നമ്മുടെ കർത്താവിന്റെ മണവാട്ടിയായ സത്യവിശ്വാസ സഭ അങ്ങനെ രണ്ടായി പിളർന്നു! വിരലിലെണ്ണാവുന്ന മെത്രാന്മാരും, ഏതാനും വൈദീകരും ഭൂരിപക്ഷം വിശ്വാസികളും സത്യവിശ്വാസത്തിൽ ഉറച്ചു നിന്നു! എങ്കിലും സാമ്പത്തിക പാപ്പരത്വം നമ്മുടെ സഭയെ, കൂടുതൽ പീഢകൾ അനുഭവിക്കാൻ നിർബന്ധിതരാക്കി. ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ, അഭിവന്ദ്യരായ മോർ ദീവന്നാസിയോസ്, മോർ ഗ്രീഗോറിയോസ് തിരുമേനിമാരുടെ കഠിനാദ്ധ്വാനത്തിലൂടെ യാക്കോബായസഭ വളർച്ചയുടെ പടവുകൾ താണ്ടാൻ തുടങ്ങി. 1996 ൽ ശ്രേഷ്ഠ ബാവ കാലം ചെയ്തതോടെ വീണ്ടും സഭ പ്രതിസന്ധിയിലായി. ശ്രേഷ്ഠ ബാവായുടെ സ്നേഹവാൽസല്യങ്ങൾ അനുഭവിച്ച ഏതാനും കൊച്ചു മെത്രാച്ചന്മാർ, മറുപക്ഷം ചേരുകയും ചെയ്തതോടെ 'മലങ്കര യാക്കോബായ സുറിയാനി സഭയുടെ അന്ത്യം അടുത്തു' എന്ന അന്ത്യോഖ്യാ സിംഹാസന വിരുദ്ധരുടെ കുപ്രചരണം കൂടുതൽ ശക്തിയാർജ്ജിച്ചു!

മലങ്കര സഭാ മക്കളുടെ കണ്ണുനീരോടെയുള്ള പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകാര്യമണെന്നുള്ളതിന്റെ തെളിവാണല്ലോ 2000 ഡിസംബറിൽ പുത്തൻകുരിശിൽ കൂടിയ പള്ളിപ്രതിപുരുഷ യോഗത്തിൽ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത, അഭി. തോമസ് മോർ ദിവന്നാസിയോസിനെ മലങ്കരയുടെ നിയുക്ത കാതോലിക്കയായി തെരഞ്ഞെടുത്തത്. തുടർന്ന് 2002 ജൂലൈ 26 ന് പരി. പാത്രിയർക്കീസ് ബാവായാൽ ശ്രേഷ്ഠ കാതോലിക്കയായി

വാഴിക്കപ്പെടുമ്പോൾ, തന്റെ കീഴിലുള്ള ഏഴു മെത്രാപ്പോലീത്താമാരേയും ഒന്നിച്ച് നിർത്തി മലങ്കര സഭാ നൗകയുടെ അമരക്കാരൻ ആയിരം പൂർണ്ണ ചന്ദ്രന്മാരെ കണ്ട് നിർവൃതിയടഞ്ഞ ഈ വേളയിൽ മുപ്പത്തിമൂന്ന് മെത്രാപ്പോലീത്തമാരും, അനേകം വൈദികരും, എല്ലാത്തിനുമുപരി പുത്തൻകുരിശിൽ സഭയ്ക്ക് ഒരാസ്ഥാനവുമായി. സഭ വളർച്ചയുടെ പടവുകൾ അതിവേഗത്തിൽ താണ്ടുന്നു എന്ന് മറുഭാഗക്കാർ പോലും സമ്മതിച്ചു തരുമ്പോൾ, ചരിത്ര പുരുഷന്റെ ജീവചരിത്രത്തിലൂടെ നമുക്ക് ഒന്ന് കണ്ണോടിക്കാം.

മഹാ പരിശുദ്ധനായ ചാത്തുരുത്തിൽ തിരുമേനിയുടെ (പരുമല തിരുമേനി) ദീർഘവീക്ഷണത്തിൽ സ്ഥാപിതമായ പുത്തൻകുരിശിലെ മലേക്കുരിശ് ദയറാക്കടുത്ത്, വടയമ്പാടി ഗ്രാമത്തിൽ പൗരോഹിത്യ പാരമ്പര്യമുള്ള 'ചെറുവിള്ളിൽ' തറവാട്ടിലെ 43-ാമത്തെ വൈദീകൻ 1929 ജൂലൈ 22 നു മത്തായി-കുഞ്ഞന്നം ദമ്പതികളുടെ എട്ട് മക്കളിൽ ആറാമനായി ഭൂജാതനായി. 'കുഞ്ഞൂഞ്ഞ്' എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന 'തോമസ്' ഇടയ്ക്കിടെയുണ്ടാകുന്ന ബോധക്ഷയം മൂലം തന്റെ വിദ്യാഭ്യാസം ആരംഭകാലത്തിൽത്തന്നെ അവസാനിപ്പിച്ചു! തങ്ങളുടെ മകന്റെ രോഗാവസ്ഥയിൽ ദു:ഖിതരായിരുന്ന മാതാപിതാക്കൾ, പരി. പരുമല കൊച്ചുതിരുമേനിയുടേയും, പരി. ഓമല്ലൂർ ബാവായുടേയും, മററനേകം പരിശുദ്ധന്മാരുടേയും തിരുശേഷിപ്പുകൾ സ്ഥിതി ചെയ്യുന്ന മലേക്കുരിശ് ദയറായിൽ മകനേയും കൊണ്ട് വന്ന് പ്രാർത്ഥിക്കുന്ന പതിവുണ്ടായിരുന്നു.


ദൈവസന്നിധിയിൽ സമർപ്പിക്കപ്പെട്ട തോമസ്, ദൈവീകാനുഗ്രഹത്താൽ സൗഖ്യമാക്കപ്പെട്ട് ദൈവവേലക്കായി വേർതിരിക്കപ്പെട്ട് പൗരോഹിത്യ വേലയിലേക്ക് ആകൃഷ്ടനായി.

1952-ൽ കണ്ടനാട് ഭദ്രാസനാധിപനായിരുന്ന, അഭി. പൗലോസ് മോർ പീലക്സ്സീനോസ് തിരുമേനിയിൽ നിന്നും (കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്ക പൗലോസ് ദ്വിതീയൻ ബാവ) കോറൂയോ പട്ടവും, 1957 ൽ ശെമ്മാശപ്പട്ടവും സ്വീകരിച്ച് സുവിശേഷ വേലയിൽ വ്യാപൃതനായ ചരിത്ര പുരുഷൻ ഒരു സാധാരണ- ക്കാരനല്ലെന്ന് അന്നേ ജനങ്ങൾക്ക് ബോധ്യമായിരുന്നു.

1958 ൽ സിംഹാസന പ്രതിനിധിയായിരുന്ന പുണ്യശ്ലോകനായിരുന്ന മോർ യൂലിയോസ് ബാവായിൽ നിന്നും കശ്ശീശപ്പട്ടം സ്വീകരിച്ച്, പുത്തങ്കുരിശ് പള്ളിയുടെ വികാരിയായി ചുമതലയേററു. ഈ കാലയളവിൽ കീഴ്മുറി, വലമ്പൂർ, തൃശ്ശൂർ, ഫോർട്ടുകൊച്ചി, കൽക്കട്ട എന്നീ ഇടവകകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സുവിശേഷ പ്രഘോഷണത്തിലൂടെ അനേകരെ ക്രിസ്തുവിന്റെ മുന്തിരിത്തോപ്പിലേക്ക് ആകർഷിച്ച, തോമസച്ചൻ 1970 കളുടെ ആരംഭത്തിൽ മലങ്കരയിൽ ഉടലെടുത്ത കക്ഷിവഴക്കിൽ ഏറെ ദു:ഖിതനായെങ്കിലും കർത്താവിന്റെ അരുമശിഷ്യനായ പരി. പത്രോസ് ശ്ലീഹായുടെ തിരുക്കരത്താൽ സ്ഥാപിതമായ പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി സഭയിൽ ഉറച്ചുനിന്നു. 1972 ൽ കോതമംഗലം വലിയപള്ളിയിൽ കൂടിയ യോഗത്തിൽ ബഹുമാനപ്പെട്ട പറപ്പിള്ളിൽ ഗീവർഗ്ഗീസ് അച്ചനോടൊപ്പം (കാലം ചെയ്ത അഭി. പെരുമ്പള്ളിത്തിരുമേനി), ചെറുവിള്ളിൽ തോമസ് അച്ചനേയും മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തിരഞ്ഞെടുത്ത് വാഴിച്ചു തരുവാൻ പരി. പാത്രിയർക്കീസ് ബാവായോട് അപേക്ഷിച്ച പ്രകാരം, അഭി. തോമസ് മോർ ദിവന്നാസിയോസ് തിരുമേനി അങ്കമാലി ഭദ്രാസന

മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ടതു മുതൽ ഇന്നോളം, കലുഷിതമായ മലങ്കര സഭാ ഭരണത്തിൽ എന്നും ശ്രേഷ്ഠ ബാവായുടെ പങ്ക് ഏറെ വലുതാണ്! മറുഭാഗത്തിന്റെ മുന്നൂററി എൺപതോളം കേസുകളിൽ മുഖ്യപ്രതിയായി ശ്രേഷ്ഠ പിതാവ് ഇന്നോളം ഒരു കേസിൽ പോലും വാദിയല്ല. പ്രാർത്ഥനയിലും, ഉപവാസത്തിലും ആശ്രയിച്ച്, ഓരോ പ്രതിസന്ധിഘട്ടങ്ങളേയും തരണം ചെയ്ത് പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള മലങ്കര യാക്കോബായ സഭയുടെ അമരക്കാരൻ. ശദാബ്ദിയാഘോഷ വേളയിലും, വിശ്രമ രഹിതനായി നമുക്ക് വേണ്ടി, പരിശ്ശുദ്ധ സഭയ്ക്ക് വേണ്ടി, പ്രവർത്തിക്കുന്നു! പ്രാർത്ഥിക്കുന്നു. നമുക്ക് നേരാം... ശ്രേഷ്ഠപിതാവിന് ആയുരാരോഗ്യങ്ങൾ... ജന്മദിനാശംകൾ.

*പൗലോസ് എം. കെ.*




# അനുശോചനം

ശ്രീ. യെൽദൊ വി. കെ. യുടെ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു

ശ്രീ. വർഗ്ഗീസ് പി. പോളിന്റെ ഭാര്യാസഹോദരൻ കർത്താവിൽ നിദ്ര പ്രാപിച്ചു

ശ്രീ. തോമസ് ഫിലിപ്പിന്റെ (ബിജു) മാതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു

പരേതരെ സ്മരിച്ച് പ്രത്യേക ധൂപപ്രാർത്ഥന പള്ളിയിൽ നടത്തി.

പരേതാത്മാക്കളുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം സന്തപ്ത കുടുംബാംഗങ്ങളെ ഇടവകയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

"In the Beginning
was the Word,
and the Word was with God,
and the Word was God."
(John 1:1)



# WELCOME TO NEW MEMBERS



Name: **ALVIN ISSAC (A 063)**, E-Mail: issac.alvin@yahoo.com
Address in Bahrain: Ahmed Mansoor Al Ali (PCD), P.O. Box 778, Riffa
Address in India: Poothakuzhiyil House, Puthuvely P.O., Kottayam, Kerala
Area Unit: **NAZRETH**

Home Parish: St. Mary's Church, Puthuvely, Kandanad Diocese



Name: **MRS. ANU RAJU (A 064)**, Tel.: 39224925
Address in Bahrain: Villa 7 (1252), Road 2441, Barbar 524
Address in India: Kavalayil Anil Villa,Chakkuvarackal P.O.,
Kottarakkara,Kollam,Kerala, Tel.: 00919995327925

Home Parish: St. Ignatius Jacobite Syrian Church, Kollam Diocese, Area Unit: **SION**





Name: **MR. ARUN VARGHESE (A 065)**
Wife: SALLY VARGHESE
Son: ETHAN ARUN VARGHESE

Address in Bahrain: Flat 2, Bldg. 1057, Rd 2825,
Sugayya 323, Tel.: 39409853
Address in India: Kudilil House,Palackamattom,
Kinginimattom P.O.,Kolenchery,Ernakulam
Tel.: 0091484-2763307
Home Parish: St. Pauls & St. Peter's, Kolenchery
Kandanad Diocese, Area Unit: **BETHEL**




Name: **MR. DIPU PAUL (D 009)**
Wife: GUDIYA DIPU
Tel.: 33956718

Address in Bahrain: Flat 11, Bldg. 962, Rd. 2921,
Salmaniya 329
Address in India: Thombrayil, Pulluvazhy P.O.,
Perumbavoor, Ernakulam, Kerala
Tel.: 0091-484-2525128
Home Parish: St. Mary's Church, Thiruthippally
Angamaly Diocese, Area Unit: **THABORE**



Name: **MR. ROY MOLAYIL CHAKKAPPAN (R 058)**

Address in Bahrain: Flat 32, Bldg. 1117, Rd. 2113, Manama
321 (Qudaibiya), Tel.: 36568624
Address in India: Molayil, Vengola PO,Arackappady,
Ernakulam,Kerala, Tel.: 0091-484-2655041
Home Parish: St. George Church, Perumani
Angamaly Diocese, Area Unit: **CANA**



Name: **MR. SABU MATHAI PATTASSERIL (S 127)**
Tel: 34454708

Address in Bahrain: Special Projects (SED), Ministry of Works
Address in India: Pattasseril House, Puthencruz PO., Ernakulam, Kerala
Home Parish: St. Peters & St. Pauls Jacobite Syrian Orthodox Church, Puthencruz
Kandanad Diocese
Area Unit: **BETHANY**



Name: **MR. SAJAN JOSEPH ELENJICKEL (S 128)**, Tel: 37750100

Address in Bahrain: Flat 12, Bldg 685 (Skyline Plaza), RD. 2018, Hoora 320
Address in India: Elenjickel House, Pond View Road, Near Mookambi Temple, N. Parur, Ernakulam,Tel.: 0091-484-2445515
Home Parish: St. Thomas Jacobite Syrian Orthodox Church, N.Parur, Angamaly Diocese
Area Unit: **JOPPA**

## FAREWELL TO MR. JOBI PAUL & FAMILY

Our Committee Member Mr. Jobi Paul & family left to Qatar for better prospects. He was presented with a memento for his faithful services rendered to our Church. We wish him all success. Mr. Reji Varghese is co-opted as Committee Member in place of Mr. Jobi.








**Mr. Reji Varghese**

*Congratulations & Best Wishes*


MASTER
EDVIN MATHE

# PHOTO GALLERY

Blood Donation Camp arranged by the Youth Association of our Church. They had done a wonderful job. Thanks to all who supported for this noble cause.








# VACATION BIBLE SCHOOL 2012






VACATION BIBLE SCHOOL 2012





VACATION BIBLE SCHOOL 2012





VACATION BIBLE SCHOOL 2012

# SUMMER CLASS 2012





















# SEVEN BRILLIANT QUOTES



## Shakespeare.......

"Never play with the feelings of others because you may win the game but the risk is that you will surely lose the person for a life time."



## Napoleon.......

"The world suffers a lot.
Not because of the violence of bad people.
But because of the silence of good people."



## Einstein.......

"I am thankful to all those who said NO to me
It's because of them I did it myself."



## Abraham Lincoln.......

"If friendship is your weakest point
then you are the strongest person in the world."



## Martin Luther King.......

"We must learn to live together as brothers
or we will perish together as fools."



## Mahatma Gandhi.......

"The weak can never forgive.
Forgiveness is the attribute of the strong."



## Dr Abdul Kalaam.......

"It is very easy to defeat someone,
but it is very hard to win someone."